# Malayala Manorama

## 20 August 2018

## Kuttanad, Flood, Flood Victims, Relief Camps

# 90% കുട്ടനാട്ടുകാരും വീടൊഴിഞ്ഞു

രണ്ടു ലക്ഷത്തോളം ജനസംഖ്യയുള്ള കുട്ടനാട്ടിൽ 1.25 ലക്ഷം പേരും ദുരിതാശ്വാസ ക്യാംപുകളിലാണ്; അര ലക്ഷം പേർ ബന്ധുവീടുകളിലും. ആയിരക്കണക്കിനു വീടുകൾ വാസയോഗ്യമല്ലാതെ തകർന്നു. ക്യാംപുകളിൽനിന്നു മടങ്ങേണ്ടത് എങ്ങോട്ടെന്ന ആശങ്കയിലാണു ജനം. വെള്ളം ഇപ്പോഴും അതേപടി തുടരുകയും ചെയ്യുന്നു.

കുട്ടനാടിന്റെ അഭയകേന്ദ്രമാണിപ്പോൾ ചങ്ങനാശേരി. മൂന്നു ദിവസമായി ഇവിടെ മാത്രമെത്തിയത് ഒരു ലക്ഷത്തോളം പേർ.

ആലപ്പുഴ ജില്ലയിൽ 2.77 ലക്ഷം പേർ ദുരിതാശ്വാസ ക്യാംപുകളിലാണ്; ജില്ലയുടെ ആകെ ജനസംഖ്യയിൽ 10 ശതമാനത്തോളം. എറണാകുളം ജില്ലയിൽ 2.61 ലക്ഷം പേരും തൃശൂർ ജില്ലയിൽ 2.04 ലക്ഷം പേരും ക്യാംപുകളിലാണ്. ചില ജില്ലകളിൽ ദുരിതാശ്വാസ ക്യാംപുകളിൽനിന്ന് ആളുകൾ മടങ്ങിത്തുടങ്ങിയപ്പോൾ കോട്ടയത്തെ സ്ഥിതി മറിച്ചാണ്. 30,483 പേർ പുതുതായി ക്യാംപുകളിലെത്തി. കോഴിക്കോട് ജില്ലയിൽ 21,268 പേർ വീടുകളിലേക്കു മടങ്ങി. ശുചീകരണത്തിനായി ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയ വൊളന്റിയർമാരും സന്നദ്ധസംഘടനകളും സഹായിക്കുന്നുണ്ട്. വയനാട്ടിലെ ക്യാംപുകളിൽ കുട്ടികളെ പരിപാലിക്കാൻ അങ്കണവാടി ജീവനക്കാരെ നിയോഗിച്ചു.

ഗതാഗതസൗകര്യം ഇല്ലാതെ ഒറ്റപ്പെട്ട പാലക്കാട് നെല്ലിയാമ്പതിയിലേക്കു ദ്രുതകർമസേന 22 കിലോമീറ്റർ നടന്ന് നാലു ടൺ ഭക്ഷ്യവസ്തുക്കളും മരുന്നുകളും ഇന്ധനവും തലച്ചുമടായെത്തിച്ചു.

### വേമ്പനാട്ടിൽ 1924നു ശേഷമുള്ള റെക്കോർഡ് ജലനിരപ്പ്

വേമ്പനാട്ടു കായലിലെ ജലനിരപ്പ് 90 സെന്റിമീറ്റർ ഉയർന്നതായി ജലവിഭവ വകുപ്പിന്റെ കണക്ക്. 1924ലെ പ്രളയശേഷം ആദ്യമായാണു കായൽ ജലനിരപ്പ് ഇത്രയും ഉയരുന്നത്.

ഉൾപേജ് പ്രളയജലം കടലിലെത്താൻ വൈകുന്നത് എന്തുകൊണ്ട്?

## റോഡ്, റെയിൽ ഗതാഗതം സാധാരണ നിലയിലേക്ക്

എറണാകുളത്തുനിന്നു തെക്കോട്ടുള്ള ട്രെയിൻ ഗതാഗതം സാധാരണനിലയിലായി. തൃശൂർ- ഷൊർണൂർ പാതയിൽ രാവിലെ പത്തുമണിയോടെയും

വിടങ്ങളിൽ ഗതാഗതം പുനരാരംഭിച്ചതും ആശ്വാസവാർത്ത. കൊച്ചി നാവികസേനാ വിമാനത്താവളത്തിൽ ഇന്നുമുതൽ ചെറിയ വിമാനങ്ങളിറങ്ങും.